തിരുമുല്പാട് ഫൗണ്ടേഷൻ

# വൈദ്യസംവാദം

ഏപ്രിൽ - ജൂൺ 2023



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ,
ഫോർ ആയുർവേദിക് സ്റ്റഡീസ്

പുനർവായന

# ചടങ്ങു കഷായം

വിദ്വാൻ കെ.കേശവപിള്ള
വൈദ്യഭൂഷണം

നാട്ടുവൈദ്യത്തിന്റെ ഏതെങ്കിലും അറിവുള്ളവർക്കെന്നു മാത്രമല്ല കുഞ്ഞുകുട്ടികളുള്ള അമ്മമാർക്കു കൂടിയും ധാരാളം അറിയാവുന്ന ഒന്നാണ് അല്ലെങ്കിൽ അറിഞ്ഞിരിക്കേണ്ട ഒന്നാണ് ഷഡംഗ കഷായം. ഞാൻ തീരെ കുട്ടിയായിരുന്ന കാലത്തുപോലും എന്റെ അമ്മൂമ്മ പറഞ്ഞു കേൾക്കാറുള്ളതുകൊണ്ടും സഹസ്രയോഗം ഉരുവിട്ട് പഠിക്കാൻ തുടങ്ങിയപ്പോൾ ആദ്യമായി പഠിച്ചതാകയാലും ആ കഷായയോഗത്തിനോട് എനിക്ക് ഒരു പ്രത്യേക പ്രതിപത്തി ഉണ്ടാകാനിടയായിട്ടുണ്ട്.

തീരെ കുട്ടിക്കാലത്തു ആദ്യമായി കേട്ടപ്പോൾ എന്റെ അറിവില്ലായ്മയാൽ ഞാൻ ധരിച്ചത് ചടങ്ങ് കഷായം എന്നാണ്. പൂജയുടെ ചടങ്ങ്, കല്യാണത്തിന്റെ ചടങ്ങ് എന്നിങ്ങനെ മുറപ്രകാരം ചെയ്യേണ്ടതിനെയാണല്ലോ ചടങ്ങ് എന്ന് പറയുന്നത്. അതുപോലെ മിക്ക സുഖക്കേടുകളിലും രോഗപതിയായ പനി ഉണ്ടാകുമ്പോഴെല്ലാം ഒരു ചടങ്ങായി നിശ്ചയിച്ചുപോരാറുള്ളതിനാൽ ചികിത്സാവിഷയത്തിലേക്കു ഇതൊരു ചടങ്ങാണെന്നുള്ള എന്റെ അന്നത്തെ ധാരണ അത്ര ശരിയല്ലെങ്കിലും തീരെ തെറ്റല്ലെന്ന് പിന്നീട് തോന്നിപ്പോകാനിടയായിട്ടുണ്ട്. ആയുർവേദ വൈദ്യകാര്യങ്ങളിൽ അത്രമാത്രം തന്ത്രപ്രാധാന്യമുള്ള ഷഡംഗകഷായത്തെപ്പറ്റി സ്വല്പം എഴുതാമെന്ന് തോന്നിയത് പിന്നീട് ആ കഷായത്തിന്റെ മഹിമയെ പറ്റി കൂടുതൽ കൂടുതൽ ബോധ്യം വരികയാലാണ്.

ചെറുപ്പത്തിൽ തന്നെ ഞാൻ കേട്ടിട്ടുള്ള ഒന്നാണ് അഷ്ടവൈദ്യന്മാരുടെ കഷായങ്ങളിൽ മിക്കവാറും അഞ്ചോ ആറോ മരുന്നുകളെ ഉണ്ടായിരിക്കൂ എന്നും മറ്റു വൈദ്യന്മാരുടെ ചികിത്സാക്കുറിപ്പുകളിൽ സാധാരണ ആയി കൂടുതൽ മരുന്നുകൾ ഉണ്ടായിരിക്കുമെന്നും ബാലവൈദ്യന്മാരുടെ കഷായത്തിനുള്ള മരുന്നുകൾ ശേഖരിക്കുവാൻ തന്നെ രണ്ടോ മൂന്നോ ദിവസം വേണ്ടിവരുമെന്നും മറ്റുമുള്ള വീട്ടുകൗൺസിലുകളിലെ അഭിപ്രായപ്രകടനങ്ങൾ. ചില വൈദ്യന്മാരെ സംബന്ധിച്ചിടത്തോളം

അക്കാലത്തു ഈ അഭിപ്രായ പ്രകടനങ്ങളെല്ലാം കേവലം അപവാദങ്ങളല്ല മിക്കവാറും പരമാർത്ഥം തന്നെ ആയിരുന്നു എന്നുള്ളതും എനിക്ക് പലപ്പോഴും അറിയാനും ഇടയായിട്ടുണ്ട്. അപ്പോഴെല്ലാം എന്റെ പ്രിയപ്പെട്ട കൊച്ചു ചടങ്ങുകഷായത്തെപ്പറ്റി ഞാൻ വാത്സല്യപൂർവ്വം സ്മരിക്കാറുമുണ്ടായിരുന്നു. എന്തെന്നാൽ മിക്കവാറും വീടുകളിൽ ആ കഷായത്തിലെ മരുന്നുകൾക്ക് വലിയ പ്രയാസത്തിനു വകയില്ല.

*ഘനചന്ദന ശുണ്ഠ്യംബു*
*പർപ്പടോശീരസാധിതം*
*ശീതം തേഭ്യോ ഹിതം തോയം*
*പാചനം തൃട്ജ്വരാപഹം*

സഹസ്രയോഗത്തിലെ ആദ്യത്തെ കഷായയോഗം. മുത്തങ്ങ, ചന്ദനം, ചുക്ക്, ഇരുവേലി, പർപ്പടകപ്പുല്ല്, രാമച്ചം ഇങ്ങനെ ആറു അംഗങ്ങൾ (മരുന്നുകൾ) ഉള്ളതുകൊണ്ടാണ് ഇതിനു ഷഡംഗം എന്ന് പേരുണ്ടായത്. ഒരു പ്രായമായ ഒരാൾക്ക് ഇവ രണ്ടു കഴഞ്ചു വീതം ചതച്ചു ഒരിടങ്ങഴി വെള്ളത്തിൽ കഷായം വച്ച് ഒന്നര തുടമാക്കി അരിച്ചു ആറിയാൽ സേവിക്കണം. ഈ കഷായം പനിക്ക് മുഖ്യമാണ്. ഇത്രമാത്രമാണ് ഞാൻ ആദ്യം മനസ്സിലാക്കിയ അർത്ഥം. വാസ്തവത്തിൽ എനിക്കിത്രമാത്രംകൊണ്ടു അർത്ഥം മതിയായെന്നു തോന്നിയില്ലെങ്കിലും ആ ജിജ്ഞാസ അന്ന് അങ്ങനെ അടക്കി വയ്ക്കേണ്ടി വന്നു. എന്റെ ഗുരുവിനോട് എന്തെങ്കിലും സംശയം അന്ന് ചോദിക്കുമ്പോൾ 'എല്ലാം ഉരുവിട്ട് കാണാപ്പാഠമാക്കുകയും മരുന്നുകളുടെ മലയാളപ്പേരുമകൾ തെറ്റാതെ പഠിക്കുകയും ചെയ്യൂ' എന്നുള്ള ശാസനം അനുസരിച്ചു ഞാൻ പഠിച്ചു പോരുകയുമാണ് ചെയ്തത്.

അങ്ങനെ ക്രമേണ ശ്രീകൃഷ്ണവിലാസം, രഘുവംശം, കുമാരസംഭവം, മാഘം എന്നിങ്ങനെ പടിപടിയായുള്ള കാവ്യപാഠവും അതിനു അലങ്കാരമായിട്ടുള്ള അലങ്കാരപഠനവും ആയതിനുശേഷം അഷ്ടാംഗഹൃദയവും പഠിച്ചു തുടങ്ങി. ജ്വരചികിൽസിതം പഠിച്ചപ്പോൾ ഷഡംഗം കഷായയോഗം വന്നു. അപ്പോഴാണ് ഗുരുനാഥൻ താഴെ പറയും വിധം ഉപദേശിച്ചത്.

ഇപ്പോൾ ചികിൽസിതം തുടങ്ങിയിരിക്കുന്നു. സഹസ്രയോഗം മുതലായ യോഗഗ്രന്ഥങ്ങളിലെ ഔഷധയോഗങ്ങളെപ്പറ്റി നല്ലവണ്ണം ശ്രദ്ധിച്ചു മനസ്സിലാക്കാറായി എന്ന് ഷഡംഗം കഷായത്തിലെ 'തേഭ്യഃ' എന്ന സർവ്വനാമപദത്തിന്റെ അർത്ഥവ്യാപ്തിയും അപ്പോഴാണ് ഉപദേശിച്ചു തരികയുണ്ടായത്. കേവലപിത്തജ്വരത്തിലും, പിത്തദോഷാധി

ക്യമുള്ളപ്പോഴും, പ്രാദേശികമായ ചുട്ടുനീറ്റൽ ദേഹം മുഴുവനുമുള്ള ചൂട്, അന്തരമായ ചൂട്, അധികരിച്ചുണ്ടാകുന്ന മോഹാലസ്യം, അതിസാരം ഇവയ്ക്കും, ഇവയോടുകൂടിയ പനിക്കും വിഷം, മദ്യം, ഗ്രീഷ്മകാലത്തിലെ അതിയായ ചൂട് ഇവകൊണ്ടുണ്ടാകുന്ന ദേഹതാപത്തിലും, ഉരഃക്ഷതം സാമാന്യ ക്ഷതം ഇവകൊണ്ട് ക്ഷീണിച്ചവനും, രക്തപിത്തരോഗമുള്ളവനും ഈ കഷായം തണുപ്പിച്ചു സേവിക്കണം. എന്നാൽ തന്ത്രയുക്തി അനുസരിച്ചു വെള്ളംദാഹമുള്ള പനിയിൽ തണുപ്പിച്ചു തന്നെ സേവിക്കണമെന്നും അതില്ലാത്ത പനിയിൽ അശീതമാക്കി (ചെറുചൂടോടെ) സേവിക്കണമെന്നും അർഥം സിദ്ധിക്കും എന്നുള്ളതെല്ലാം ഓരോരോ സന്ദർഭങ്ങളിലായി പിന്നീട് അനുഭവപ്പെടുകയും ചെയ്തിട്ടുണ്ട്.

രോഗിയെ സൗമ്യനും സമാധാനചിത്തനും ആക്കി തീർക്കുന്നതിലേക്കു ഈ കഷായത്തിനുള്ള മഹിമ അന്യാദൃശമെന്നുതന്നെ പറയാവുന്നതാണ്. ഈ കഷായത്തിനോട് എനിക്ക് ആദ്യമേ തോന്നിയ പ്രതിപത്തി ഇപ്പോഴും അനിർവാച്യമായ ഒരവസ്ഥയിലേക്ക് കടന്നു നിൽക്കുന്നു എന്നുള്ളതുകൊണ്ടും കൂടിയാണ് ഞാൻ ഇതിനെപ്പറ്റി പ്രസ്താവിക്കുന്നത്. ഇതിനിത്രമാത്രം വിശേഷമെന്താണെന്നല്ലേ? പറയാം.

ഈ കഷായം പാചനമാണ്. അതായതു ജഠരാഗ്നിക്ക് പചനശക്തിയെ ഉണ്ടാക്കുന്നതാണ്. എന്നാൽ വെള്ളംദാഹത്തോടുകൂടിയ പനിയെ നശിപ്പിക്കുന്നതാണ്. വെള്ളംദാഹത്തെയും ഇല്ലായ്മ ചെയ്യും. സാധാരണ ആയി പാചനഗുണമുള്ള ഔഷധം ഉപയോഗിച്ചാലുണ്ടാകുന്ന തീക്ഷ്ണത ഇതിനു അശേഷം ഇല്ല. ദേഹത്തിനു ചൂട് തോന്നിക്കുന്നതോ ചൂട് അധികരിച്ചുണ്ടായതോ ആയ ഏതു വികാരത്തിനും ഈ കഷായം വളരെ ഫലപ്രദമാണ്. രക്തപിത്തരോഗിയിൽ *'ഉപവാസശ്ച നിഃശുണ്ഠീഷഡംഗോദകപായിനഃ'* എന്ന് വിധിച്ചിരിക്കുന്നു. രക്തപിത്തരോഗി സാമാവസ്ഥയിൽ ചുക്ക് കൂടാത്ത ഷഡംഗകഷായം അഥവാ 12കഴഞ്ച് മരുന്ന് ഒരിടങ്ങഴി വെള്ളത്തിൽ വച്ച് ഇരുന്നാഴി ആക്കിയ കഷായവെള്ളം മാത്രം കുടിച്ചുകൊണ്ട് പട്ടിണി ആചരിക്കാനാണ് ഗുരു ഉപദേശിച്ചിരിക്കുന്നത്. അതായതു പട്ടിണി കൊണ്ട് ദോഷപാകം വരുന്നതോടുകൂടി ദേഹത്തിനു അത്യധികമായ ക്ഷീണം വരുത്താതെ ആരോഗ്യത്തിന്റെ കാവൽഭടനായി ഈ കഷായത്തിനെ കൽപ്പിക്കാമെന്നു സാരം. രക്തപിത്തം എന്ന രോഗം തന്നെ അതിയായ തീക്ഷ്ണോഷ്ണങ്ങളുടെ രക്തത്തിലുള്ള കൊഴുപ്പു ഇല്ലാതെയായിട്ടും കൂടി ഉണ്ടാകുന്നതാണ്. അതുകൊണ്ടാണ് ചുക്ക് നിഷേധിച്ചിട്ടു

ള്ളതും.

എന്നാൽ ചുക്കിന്റെ സ്ഥാനത്തു *'വൃഷ സദ്യോ ജയത്യസ്രം സ ഹ്യസ്യ പരമൗഷധം'* എന്ന് പിന്നീട് വിധിച്ചിട്ടുള്ളതിനാൽ ആടലോടകത്തിന്റെ വേര് ചേർക്കുകയോ അഥവാ മറ്റ് മരുന്നുകൾക്ക് സമമായിത്തന്നെ ആടലോടകത്തിന് വേര് ചേർത്തുകൊള്ളുകയോ ചെയ്യാവുന്നതാണ്. രക്തപിത്തത്തിനും കൂടി മാത്രമല്ല ചുക്ക് കൂടാത്ത ഷഡംഗം ഉപകരിക്കുന്നത്. ആടലോടകത്തിന്റെ വേര്, നറുനീണ്ടിക്കിഴങ്ങ്, ചെറുപയറ്റിൻപരിപ്പ് ഇവയോട് കൂടിയ ഈ കഷായം തനിയെയും പാൽകഷായമായിട്ടും അസ്ഥിസ്രാവം, ശുക്ലസ്രാവം, എരിച്ചിൽ, ക്ഷീണം മുതലായ സുഖക്കേടുകൾക്കും വളരെ ഫലപ്രദമാണ്. ചുക്ക് കൂടാതെ അമൃത് ചേർത്ത് രക്തവാതത്തിനും, ഏകനായകത്തിന് വേര് ചേർത്ത് പ്രമേഹത്തിനും ശമനമുണ്ടാക്കും. വിസർപ്പം, വിസ്ഫോടനം, മസൂരി എന്നിങ്ങനെ പനിയുടെ ബന്ധമുള്ള രോഗങ്ങൾക്കും യഥാവസരം, യഥായോഗ്യം ഇത് പ്രയോജനപ്പെടുന്നതാണ്.

രക്തസമ്മർദ്ദമെന്നു പുതിയ പേരിൽ അറിയപ്പെടുന്ന സുഖക്കേടിനു ഇടയ്ക്കിടയ്ക്കു ഹൃദ്യവിരേചനം കൊണ്ട് ശോധന സുഖപ്പെടുത്തുകയും ആവശ്യം വന്നാൽ ക്ഷീരവസ്തി ചെയ്യുകയും തീക്ഷ്ണോഷ്ണങ്ങളായ ആഹാരപദാർത്ഥങ്ങൾ തീരെ വർജ്ജിക്കുകയും യാതൊരു ലഹരിപദാർത്ഥങ്ങളും (പുകയിലപോലും) ഉപയോഗിക്കാതിരിക്കുകയും മേല്പറഞ്ഞ പ്രകാരം ചുക്ക് കൂടാതെ ആടലോടകം ചേർത്ത് കഷായമോ കഷായവെള്ളമോ ഉപയോഗിച്ചുപോരുകയും ചെയ്താൽ വലിയ സമ്മർദ്ദവും വിമർദ്ദവും കൂടാതെ കഴിഞ്ഞു കൂടാവുന്നതാണ്. എന്നാൽ പണച്ചെലവ് കുറയുന്ന ഈ വകയൊക്കെ ഇന്നുള്ളവരിൽ വില മതിയാകുമോ എന്ന് സംശയമാണ്.

ഏറ്റവും ചുരുങ്ങിയ ചെലവ്, ഏതു നാട്ടിലും കിട്ടാവുന്ന ചുരുക്കം മരുന്നുകൾ മാത്രം എരിപൊരി കൊള്ളുന്നവർക്ക് ഒരുനേരം സേവിക്കുന്നതുകൊണ്ടു തന്നെ അമൃതായമാനമായി അനുഭവപ്പെടുന്നത് ഏറ്റവും ഹൃദയമെന്നു തന്നെ പറയാവുന്നത് - ഇങ്ങനെ വളരെ ഉത്കൃഷ്ടഗുണങ്ങൾ ഉള്ളതാണ് എന്റെ ചടങ്ങു കഷായം എന്ന് പ്രസ്താവിക്കുന്നതിൽ എനിക്ക് വളരെ സന്തോഷം ഉണ്ട്. വേനൽക്കാലത്തു നറുനീണ്ടിയോടുകൂടിയ ഷഡംഗ കഷായം ഉപയോഗിക്കുന്നത് ചൂട് പൊങ്ങുക, ദാഹം മുതലായ ഉഷ്ണ വികാരങ്ങളെ ശമിപ്പിക്കുന്നതാകുന്നു.

**(നാട്ടുവൈദ്യൻ പുസ്തകം 1195 ജനുവരി ലക്കം 1)**

# അവലോകനം

ഡോ.കെ.പി.സി. മേനോൻ

ഈ ലേഖനം പുനർവായനക്കായി നോക്കുമ്പോൾ തന്നെ അദ്ദേഹം തന്റെ ലേഖനത്തിൽ ഷഡംഗത്തിന്റെ വ്യത്യസ്ത രൂപങ്ങൾ വിവിധ അവസ്ഥകളിലും സന്ദർഭങ്ങളിലും ഉപയോഗിക്കേണ്ടതിനെക്കുറിച്ചു സവിസ്തരം പ്രതിപാദിച്ചിരിക്കുന്നതായി കാണാവുന്നതാണ്. വ്യക്തി പരമായും ചികിത്സാവൃത്തിയിൽ ധാരാളം ഉപയോഗപ്പെടുത്തുന്നതിനാൽ തന്നെ ഇത് ചടങ്ങു കഷായം തന്നെ ആയി ആണ് അനുഭവം.

ഈ പുനർവായനയോടൊപ്പം ഗ്രന്ഥാന്തരങ്ങളിൽ ഈ യോഗത്തെക്കുറിച്ചുള്ള ഒരു അന്വേഷണവും ഇതോടൊപ്പം പ്രസക്തമായി തോന്നുന്നു. ആ പരിശ്രമം ആണ് വ്യത്യസ്തതകൾ നിറഞ്ഞ വിവിധ ഗ്രന്ഥങ്ങളിലെ ഈ സമാഹരണം.

ലോലിംബരാജ വിരചിതമായ 'വൈദ്യജീവനം' എന്ന കൃതിയുടെ ഒ.എൻ.കരുണാകരകുറുപ്പിന്റെ സുജനപ്രിയ വ്യാഖ്യാനം 1123 ൽ കൊല്ലം ദേശാഭിവർദ്ധിനി പുസ്തകശാല പ്രസിദ്ധീകരിച്ചിരിച്ചിട്ടുണ്ട്. ലോലിംബരാജൻ തന്റെ ഗ്രന്ഥരചന തന്റെ പ്രിയതമയോട് ഉള്ള സ്നേഹ സംഭാഷണരൂപേണ ആണ് നിർവ്വഹിച്ചിരിക്കുന്നത്.

ഗ്രന്ഥം ആരംഭിക്കുന്ന അധ്യായം തന്നെ ജ്വരചികിത്സയിലാണ്. 'യഥാ സർവേഷു രോഗേഷു പ്രായശോ ബലവാൻ ജ്വരഃ അതസ്തസ്യ പ്രതീകാരം പ്രഥമം ബ്രൂമഹേ വയം' എല്ലാ രോഗങ്ങളിലും വച്ച് പ്രായേണ ജ്വരം ബലവാനായിരിക്കയാൽ അതിനെ അകറ്റുന്നതിനായുള്ള ഉപായങ്ങൾ ആദ്യമായി നാം പറയുന്നു. ഇവിടെ ജ്വരസാമാന്യലക്ഷണങ്ങൾ കൂടി സൂചിപ്പിച്ചു കൊള്ളാം.

ജ്വരത്തിന്റെ വിവിധ അവസ്ഥകളിലുള്ള വ്യത്യസ്ത കഷായങ്ങൾ വിവരിക്കുമ്പോൾ ആണ് ജലാദി കഷായം എന്ന പേരോടെ പ്രശസ്തമായ ഷഡംഗം വിശദീകരിക്കുന്നത്.

ജലാദി കഷായം

*ജലജലജലവാഹരേണുവിശ്വൗ-*
*ഷധശിശിരൈഃ ശിശിരം ജലം ശൃതം സ്യാത്*
*സപദി സുഖകരം സദാ സദാ ഹൃ-*
*ജ്ജ്വരതൃഷി യോജ്യമിദം നവജ്വരേ/പി*

രാമച്ചം, ഇരുവേലി, മുത്തങ്ങ, പർപ്പടകപുല്ല്, ചുക്ക്, ചന്ദനം ഇവ

കൊണ്ടുണ്ടാക്കുന്ന കഷായം തണ്ണീർദാഹത്തോട് കൂടിയ ജ്വരത്തെ ശമിപ്പിക്കും. ഇത് നവജ്വരത്തിനും പറ്റിയതാകുന്നു.

ഇത് തന്നെ

*ജലജലജലവാഹരേണുവിശ്വൗ-*
*ഷധശിശിരൈഃ സഹിതം ഷഡംഗമേതൽ*
*ശൃതഹിമമിവ ഗാംഗമംബു തൃഷ്ണാ-*
*ജ്വരശമനം ഖലു പീതമാംശു കുര്യാത്*

എന്ന് പാഠഭേദമായും

*പയഃശുണ്ഠീ പയശ്ശീതം പയോരേണു പയോംബു ച*
*ഷഡംഗം ശൃതശീതം സ്യാൽ സദ്യസ്തൃഷ്ണാം വിനാശയേൽ*

എന്നും പാഠാന്തരേണയും പ്രചാരത്തിൽ ഉണ്ട്.

ജലവഹേ എന്ന സാർവത്രികമായ പാഠം ത്യജിച്ചു പയാഭേ എന്ന് വൃത്തനിബന്ധനയ്ക്കു അനുസൃതമായി ചേർത്തും പാഠങ്ങൾ കാണാവുന്നതാണ്.

തിരുവിതാംകൂർ സർക്കാർ വക ശ്രീ വഞ്ചി സേതു ലക്ഷ്മി സീരീസിൽ തിരുവിതാംകൂർ ആയുർവേദ ഡയറക്ടർ ശ്രീ കൊളത്തേരി ശങ്കര മേനോൻ അവതാരിക എഴുതി 1926 ൽ പ്രസിദ്ധീകരിച്ച വൈദ്യമഞ്ജരിയിൽ വിവിധ യോഗങ്ങൾ വിസ്തരിക്കുന്നതിൽ ഉള്ള ഒരു ഭാഗം ഇവിടെ പ്രസക്തമാണ്.

*മേഘമാലേയതോയങ്ങൾ നാഗരോശീരപർപ്പടം*
*മേളമായ് വെന്ത തോയത്തിൽ മേളിപ്പൂ ജീരകപ്പൊടി*
*സാരമാമിക്കഷായത്തെ സേവചെയ്യും ജനത്തിനു*
*ദാഹവും പനിയും തീരും ദേഹവും തെളിവായ് വരും*

മറ്റു ഷഡംഗം യോഗങ്ങളിൽ നിന്നും അധികമായി ഇവിടെ ജീരകപ്പൊടി മേമ്പൊടിയും കൂടെ പറയുന്നു. അതോടൊപ്പം ജ്വരശേഷം ഉണ്ടാകാവുന്ന ക്ഷീണത്തിനും ശമനം ഉണ്ടാകും എന്നും കുറിക്കുന്നു. വർത്തമാനകാലചികിത്സവൃത്തിയിൽ ഷഡംഗത്തിന്റെ പ്രസക്തി വ്യത്യസ്തമായി തന്നെ വ്യക്തമാകുന്നു.

■




**നിത്യം വായിക്കുവാനും, ശ്ലോകങ്ങൾ ഉടനെ നോക്കിയെടുക്കാനും...**

**കുറച്ചു കോപ്പികൾ മാത്രം അവശേഷിക്കുന്നു.**

**രൂ. ~~900~~/- 750/-**

(തപാൽ കൂലിയടക്കം)